കാർഷിക ജലസേചന പ്രവർത്തനങ്ങൾക്ക് ഭൂഗർഭജലം ഉപയോഗപ്പെടുത്താൻ പദ്ധതി

191 [293] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജലം കാർഷിക ജലസേചന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ ഒരു പദ്ധതി കേരളത്തിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി ഏതെല്ലാം ബ്ലോക്കുകളിൽ ഏതു വിധത്തിൽ എന്നുമുതൽ പ്രവർത്തനം തുടങ്ങും?

ഉത്തരം

(എ) ഭൂഗർഭജലം ഉപയോഗപ്പെടുത്തി ഒരു സമഗ്രമായ കാർഷിക പദ്ധതി നടപ്പിലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഈ പദ്ധതി എങ്ങനെ നടപ്പാക്കണമെന്നും എവിടെ നടപ്പാക്കണമെന്നും ഉള്ള കാര്യങ്ങളെ സംബന്ധിച്ച് ഒരു പൂർണ്ണമായ രൂപരേഖ തയ്യാറാക്കിവരുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

II. ചരമോപചാരം

മുൻമന്ത്രി ശ്രീ. പി. കെ. കുഞ്ഞിന്റെ നിര്യാണം

9·30 a. m.] മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: സ്വാതന്ത്ര്യസമരത്തിലെ ഒരു മുന്നണി പടയാളിയും കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യരേണ മണ്ഡലങ്ങളിൽ സുദീർഘവും നിത്യസ്മരണീയവുമായ സേവനത്തിലൂടെ ശ്രദ്ധേയനുമായിത്തീർന്ന ഒരു ദേശാഭിമാനിയെയാണ് ശ്രീ. പി. കെ. കുഞ്ഞിന്റെ നിര്യാണംമൂലം നമുക്ക് നഷ്ടമായത്. ഏതാണ്ട് അരനൂറ്റാണ്ട് കാലത്തോളം ദൈർഘ്യമുള്ള അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതം സംഭവബഹുലവും ത്യാഗോജ്ജ്വലവുമായിരുന്നു. കുശാഗ്രബുദ്ധിയായ രാഷ്ട്രീയ പ്രവർത്തകൻ, കരുത്തനായ ഭരണാധികാരി, മികച്ച പാർലമെന്റേറിയൻ, വിദ്യാഭ്യാസപ്രവർത്തകൻ എന്നീ നിലകളിലെല്ലാം അദ്ദേഹം എല്ലാവർക്കും സുപരിചിതനായിരുന്നു. ആത്മധൈര്യവും കർമ്മകുശലതയും അദ്ദേഹത്തിന്റെ ഗുണവിശേഷങ്ങളായി ആരും അംഗീകരിച്ചിരുന്നു.

കായംകുളത്തെ സുപ്രസിദ്ധമായ മുസ്ലിം കുടുംബമായ പുത്തൻപുരയിൽ 1906-ൽ ജനിച്ച ശ്രീ. കുഞ്ഞ് വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു പ്രവർത്തകനായിത്തീർന്നു. ആത്മാർത്ഥത നിറഞ്ഞ സേവന വ്യഗ്രതയും അസാധാരണമായ സംഘടനാപാടവവും തിരുവിതാംകൂർ പ്രദേശത്തെ രാഷ്ട്രീയ നേതാക്കളുടെ മുൻനിരയിലേയ്ക്ക് പെട്ടെന്ന് അദ്ദേഹത്തെ ഉയർത്തി. സമരങ്ങളുടേതായ ആ കാലഘട്ടത്തിൽ ഒരു വീരപുരുഷന്റെ പ്രഭാവം അദ്ദേഹം ആർജ്ജിച്ചിരുന്നു; പല കഷ്ടനഷ്ടങ്ങളും സഹിക്കുന്നതിനും, ദീർഘമായ ജയിൽവാസം

LIBRARY ARCHIVES Kerala Legislative Assembly

അനുഭവിക്കുന്നതിനും തൻനിമിത്തം ഇടയായിട്ടുമുണ്ട്. ചരിത്ര പ്രസിദ്ധമായ വൈക്കം സത്യാഗ്രഹത്തിലും അദ്ദേഹം സജീവമായി പങ്കെടുത്തിരുന്നു.

തൊഴിലാളി രംഗത്തും അദ്ദേഹം ശ്രദ്ധ പതിപ്പിച്ചിരുന്നു. കേരളത്തിലെ സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന് അടിത്തറ പാകിയ ആദ്യത്തെ ട്രേഡ് യൂണിയൻ എന്ന് വിശേഷിപ്പിക്കാവുന്ന തിരുവിതാംകൂർ ലേബർ അസോസിയേഷന്റെ പ്രസിഡൻറായി ശ്രീ. കുഞ്ഞ് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഉത്തരവാദഭരണപ്രക്ഷോഭ കാലത്ത് തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രമുഖ നേതാക്കളിൽ ഒരാളായിരുന്ന ശ്രീ. പി. കെ. കുഞ്ഞ് 1940-ൽ കോൺഗ്രസ്സിൽ നിന്നും രാജി വച്ചു. ശ്രീ. കുഞ്ഞ് പിന്നീട് തിരുവിതാംകൂറിലെ മുസ്ലീം ലീഗുമായി ബന്ധപ്പെട്ടു. തിരുവിതാംകൂർ സ്റ്റേറ്റ് മുസ്ലീംലീഗിന്റെ ജോയിൻറ് സെക്രട്ടറിയായി സേവനം അനുഷ്ഠിച്ച അദ്ദേഹം 1952-ൽ തിരുവിതാംകൂർ-കൊച്ചി മുസ്ലീംലീഗിന്റെ പ്രസിഡൻറായിത്തീർന്നു.

യശ്ശശരീരനായ ശ്രീ. പട്ടംതാണുപിള്ളയോടൊപ്പം പിന്നീട് പ്രജാ സോഷ്യലിസ്റ്റു പാർട്ടിയിൽ ചേർന്ന ശ്രീ. കുഞ്ഞ് 1954-ൽ ശ്രീ. പട്ടംതാണുപിള്ളയുടെ നേതൃത്വത്തിൽ രൂപീകരിച്ച മന്ത്രിസഭയിൽ ആരോഗ്യമന്ത്രിയായിരുന്നു. 1960-ലും, 1967-ലും, കേരളനിയമസഭയിലേയ്ക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. 1967-ൽ ശ്രീ. ഇ. എം. എസ്സിന്റെ മന്ത്രിസഭയിൽ അദ്ദേഹം ധനകാര്യമന്ത്രിയായിരുന്നു. ധനകാര്യമന്ത്രിയെന്ന നിലയിൽ അദ്ദേഹം നടപ്പിലാക്കിയ പല പദ്ധതികൾക്കും അഖിലേൻഡ്യാ തലത്തിൽതന്നെ അംഗീകാരവും പ്രോൽസാഹനവും ലഭിച്ചു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഇന്ന് പ്രശസ്തമായിത്തീർന്നിരിക്കുന്ന സർക്കാർ ഭാഗ്യക്കുറി പദ്ധതി ഇതിന് ഒരു ഉദാഹരണമാണ്.

കേരളാ വക്ഫ് ബോർഡ് ചെയർമാൻ, കയർ ബോർഡ് വൈസ് ചെയർമാൻ മുതലായ സ്ഥാനങ്ങളും അദ്ദേഹം വഹിച്ചിട്ടുണ്ട്. ഒരു പത്ര പ്രവർത്തകൻ എന്ന നിലയിൽ രാജ്യാഭിമാനി, സ്വരാജ്, കേരള ജനത എന്നിവയുടെ ചീഫ് എഡിറ്റർ ആയും അദ്ദേഹം വ്യക്തിമുദ്ര പതിപ്പിക്കുകയുണ്ടായി. കായംകുളത്തെ എം. എസ്. എം. കോളേജിന്റെ സ്ഥാപകൻ അദ്ദേഹം ആയിരുന്നു.

തിരുവിതാംകൂർ, തിരു-കൊച്ചി, കേരള നിയമസഭകളിൽ ദീർഘകാലം അംഗമായിരുന്ന അദ്ദേഹത്തിന്റെ നിയമസഭാ പ്രവർത്തനവും എക്കാലവും ഓർമ്മിക്കപ്പെടും. തനിക്ക് തോന്നുന്ന അഭിപ്രായങ്ങൾ ആരുടെയും മുഖം നോക്കാതെയും ഭവിഷ്യത്തുകൾ ഭയപ്പെടാതെയും വെട്ടിത്തുറന്ന് പറയാൻ അദ്ദേഹം അശേഷം മടി കാണിച്ചിരുന്നില്ല. പ്രതിപക്ഷ ബഹുമാനവും സ്നേഹസമ്പന്നമായ പെരുമാറ്റവും അദ്ദേഹത്തിന്റെ എടുത്തു പറയത്തക്ക ഗുണവിശേഷങ്ങൾ ആയിരുന്നു. ജാതിമത രാഷ്ട്രീയ തരംതിരിവുകൾക്ക് അതീതമായ വിപുലമായ ഒരു സുഹൃത്ത് വലയം ആ ഉദാരമതിയുടെ അമൂല്യ സമ്പത്തായിരുന്നു.

അര ശതാബ്ദക്കാലം കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യ രംഗത്തും ഭരണമണ്ഡലത്തിലും മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. കുഞ്ഞിന്റെ നിര്യാണം കേരളത്തിന്റെ പൊതുജീവിതത്തിന് കനത്ത നഷ്ടമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആ ധന്യാത്മാവിന്റെ പാവന സ്മരണയ്ക്ക് മുൻപിൽ സഭയുടെ പേരിലും എന്റെ വ്യക്തിപരമായ നിലയിലും ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, യശഃശരീരനായ ശ്രീ. പി. കെ. കുഞ്ഞിനെ അനുസ്മരിച്ചുകൊണ്ട് അങ്ങ് ഇവിടെ പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളോടും വികാരങ്ങളോടും ഞാൻ യോജിക്കുന്നു. കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ അങ്ങ് പറഞ്ഞതുപോലെ അര നൂറ്റാണ്ടുകാലം വളരെ പ്രധാനപ്പെട്ട ഒരു പങ്കാണ് ശ്രീ. പി. കെ. കുഞ്ഞ് വഹിച്ചിട്ടുള്ളത്. യുവാവായിരുന്നപ്പോഴേതന്നെ തന്റെ പൊതുജീവിതം ആരംഭിച്ചത് രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ പങ്കെടുത്തുകൊണ്ടാണ്. ആ പ്രവർത്തനത്തിൽ അദ്ദേഹം നിസ്തുലമായ സേവനം നൽകിയിട്ടുണ്ട്. എന്നാൽ പിന്നീട് അങ്ങോട്ട് കുറെ അധികകാലം അദ്ദേഹം ശുദ്ധ കേന്ദ്രീകരിച്ചത് താൻ ഉൾപ്പെടുന്ന മുസ്ലീം സമുദായരംഗത്തുതന്നെയാണ്. വളരെയധികം പ്രശ്നങ്ങളുള്ള ഒരു സമുദായമെന്ന നിലയിൽ, വിദ്യാഭ്യാസപരമായി മറ്റാരെക്കാളും പിന്നോക്കം നിന്നിരുന്ന ഒരു സമുദായമെന്ന നിലയിൽ ആ രംഗത്തും അദ്ദേഹം ധാരാളം വിലപിടിച്ച പ്രവർത്തനങ്ങൾ നടത്തി.

സർ, നമ്മുടെ നാട്ടിൽ സംഘടിത തൊഴിലാളി പ്രസ്ഥാനം കേവലം ശൈശവദശയിൽ ആയിരുന്നപ്പോൾ അഥവാ പിച്ചവച്ചു നടക്കാൻപോലും തുടങ്ങിയിട്ടില്ലാത്തപ്പോൾ അദ്ദേഹം വളരെ പ്രധാനപ്പെട്ട പ്രവർത്തനം നടത്തുകയും അതിൽ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തു. പിന്നീട് അങ്ങോട്ട് തിരു-കൊച്ചിയിലും, കേരളപിറവിക്കു ശേഷവും നമ്മുടെ രാഷ്ട്രീയ രംഗത്ത്, ഭരണരംഗത്ത്, സാമൂഹ്യരംഗത്ത് ഇങ്ങനെ വിവിധ രംഗങ്ങളിൽ അദ്ദേഹം നിർണ്ണായകമായ പങ്കാണ് വഹിച്ചത്. രാഷ്ട്രീയ രംഗത്ത് വളരെ നിർണ്ണായകമായ പങ്ക് വഹിച്ചുവെന്ന് പറഞ്ഞാൽ അന്ന് നടന്ന പല സംഭവങ്ങളും നാം ഓർക്കുന്നുണ്ട്. ഞാൻ പ്രത്യേകിച്ചും ഓർക്കുന്നത് 1954-ലെ വളരെ പ്രധാനപ്പെട്ട ഒരു സന്ദർഭമായിരുന്നു. അന്ന് വിവിധ രാഷ്ട്രീയ പാർട്ടികളെ കൂട്ടിയോജിപ്പിച്ച് ഒരു പ്രവർത്തനം നടത്തുന്നതിൽ അദ്ദേഹം വളരെ പ്രധാനപ്പെട്ട പങ്കുവഹിച്ച കാര്യം ഞാൻ ഓർക്കുകയാണ്.

അവസാനകാലത്ത് വിദ്യാഭ്യാസരംഗത്തേക്ക് അദ്ദേഹം ശുദ്ധതിരിച്ചു. കായംകുളത്ത് ഒരു കോളേജ് സ്ഥാപിക്കാൻ അദ്ദേഹം മുൻകൈയെടുത്തു. ഇന്ന് അവിടെ പ്രവർത്തിച്ചുവരുന്ന കോളേജ് സ്ഥാപിക്കാനും അത് ഈ നിലയിൽ വളർത്തിക്കൊണ്ടുവരാനും പ്രധാനമായും അദ്ദേഹമാണ് കാരണക്കാരൻ. അദ്ദേഹത്തിന്റെ നിര്യാണം തീർച്ചയായും നമ്മുടെ നാടിന് ഒരു കനത്ത നഷ്ടമാണ്. അദ്ദേഹത്തിന്റെ സന്തപ്തകുടുംബാംഗങ്ങളോട് ഞാൻ എന്റെ അഗാധമായഅനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ശ്രീ. കുഞ്ഞുസാഹിബിന്റെ കാര്യത്തിൽ അങ്ങും സഭാനേതാവും പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളോടും വികാരങ്ങളോടും ഞാനും എന്റെ പാർട്ടിയും യോജിക്കുന്നു. അദ്ദേഹം ഏതെല്ലാം രംഗത്ത് പ്രവർത്തിച്ചിട്ടുണ്ടോ അവിടെയെല്ലാം അദ്ദേഹത്തിന്റെ അനിതരസാധാരണമായ തെളിഞ്ഞ വ്യക്തിമുദ്ര പതിപ്പിച്ചിട്ടാണ് അദ്ദേഹം അടുത്ത രംഗത്തേക്ക് പോയിട്ടുള്ളത്. അദ്ദേഹവുമായി

LIBRARY ARCHIVES Kerala Legislative Assembly

അടുത്തു ബന്ധപ്പെട്ടിട്ടുള്ളവർക്കെല്ലാം അറിയാം മറ്റ് ഏതൊരു രാഷ്ട്രീയ പ്രവർത്തകനിൽനിന്നും വ്യത്യസ്തമായി അദ്ദേഹത്തിന്റെ അഭിപ്രായം അസാമാന്യമായ ധൈര്യത്തോടെ ശരിയെന്ന് തോന്നിയ കാര്യത്തിൽ ഇടംവലം നോക്കാതെ അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്. ഈ ധൈര്യം പ്രകടിപ്പിച്ച് അതിനുശേഷം നടത്തിയിട്ടുള്ള പ്രവർത്തനങ്ങളിൽ അഭിപ്രായവ്യത്യാസമുള്ളവർക്കുപോലും അദ്ദേഹത്തിന്റെ ഈ ധീരതയെ മാനിക്കാതിരിക്കാൻ കഴിയുകയില്ല. ബഹുമുഖമായ പ്രവർത്തനരംഗങ്ങളിൽ മറ്റു ഏതൊരു രാഷ്ട്രീയ പ്രവർത്തകരിൽനിന്നും മാറിനിന്ന് നടത്തിയിട്ടുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം ഏതാണ്ട് അന്ത്യത്തിൽ അദ്ദേഹത്തിന്റെ കായിക ശക്തി, ആ പ്രവർത്തനത്തിൽ ഇടപെടുന്നതിന് തടസ്സമായി നിന്ന സമയംവരെ അദ്ദേഹം നടത്തിയിരുന്നു എന്നുള്ളത് നമുക്കറിയാം.

അങ്ങ് പറഞ്ഞതുപോലെ ഇവിടെ ഭാഗ്യക്കുറി കൊണ്ടുവരുന്ന കാര്യത്തിൽ മറ്റു പലർക്കും സംശയമുണ്ടായിരുന്ന സന്ദർഭത്തിൽ വളരെയേറെ ധൈര്യത്തോടുകൂടി അദ്ദേഹംതന്നെ ഇൻഡ്യയ്ക്കാകെ മാതൃകയാകുന്ന ഒരു പദ്ധതിയാണ് ഞാൻ കൊണ്ടുവരുന്നതെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം ആ പദ്ധതി കൊണ്ടുവരുകയുണ്ടായി. അങ്ങനെ വളരെ ധീരമായി എല്ലാ രംഗങ്ങളിലും പ്രവർത്തിച്ചുപോന്ന അദ്ദേഹത്തിന്റെ നഷ്ടം അദ്ദേഹം വ്യാപരിച്ചിരുന്ന എല്ലാ രംഗങ്ങൾക്കും തീർത്താൽ തീരാത്ത ഒരു നഷ്ടം തന്നെയാണ്.

അദ്ദേഹത്തിന്റെ മറ്റൊരു പ്രത്യേക ഗുണം എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്, തന്റെ രാഷ്ട്രീയാഭിപ്രായത്തോട് ശക്തിയായി വിയോജിക്കുന്ന ആളുകളുമായിപോലും അടുത്ത സൗഹൃദബന്ധം പുലർത്തുന്ന കാര്യത്തിൽ മറ്റാളുകളെ അപേക്ഷിച്ച് അദ്ദേഹം പ്രത്യേക താൽപ്പര്യം പ്രകടിപ്പിച്ചിരുന്നു എന്നതാണ്. അദ്ദേഹത്തിന്റെ കുടുംബത്തെതന്നെ താൻ ഉദ്ദേശിക്കുന്ന രാഷ്ട്രീയ ജീവിതത്തിൽ പരിപൂർണ്ണമായി നിറുത്തുന്ന കാര്യത്തിലും അദ്ദേഹം വിജയിച്ചിട്ടുണ്ട്. അങ്ങനെ എല്ലാംകൊണ്ടും അവിസ്മരണീയമായ ഒരു ചരിത്രത്തിന്റെ ഉടമയായ അദ്ദേഹത്തിന്റെ നഷ്ടം നമ്മുടെ ഈ ജനാധിപത്യപ്രസ്ഥാനത്തിന് തീരാത്ത നഷ്ടം തന്നെയാണ്. അദ്ദേഹത്തിന്റെ നഷ്ടംമൂലം ദുഃഖം അനുഭവിക്കുന്ന അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും അദ്ദേഹത്തിന്റെ സേവന മേഖലയിൽ ഏർപ്പെട്ടിട്ടുള്ളവരോടും എനിക്കും എന്റെ പാർട്ടിക്കും ഉള്ള അനുശോചനം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. എ. കെ. ആന്റണി: സർ, അര നൂറ്റാണ്ടുകാലത്തോളം കേരളത്തിന്റെ പൊതുജീവിതത്തിൽ തനേറതായ വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ട് സേവനമനുഷ്ഠിച്ച കുഞ്ഞുസാഹിബിന്റെ നിര്യാണത്തിൽ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച വികാരങ്ങൾ തന്നെയാണ് എനിക്കും എന്റെ പാർട്ടിക്കുമുള്ളത്. അന്തരിച്ച ആ നേതാവിനോട് കോൺഗ്രസ്സ് പാർട്ടിക്കും എനിക്കുമുള്ള ആദരാഞ്ജലികൾ അർപ്പിക്കാൻ ഈയവസരം വിനിയോഗിക്കുകയാണ്. അങ്ങും മുഖ്യമന്ത്രിയുമെല്ലാം അദ്ദേഹത്തിന്റെ അപദാനങ്ങളെക്കുറിച്ച് പറഞ്ഞ കാര്യങ്ങളോട് ഞാൻ യോജിക്കുന്നതുകൊണ്ട് കൂടുതലൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. അദ്ദേഹവുമായി വ്യക്തിപരമായി അടുത്തു പരിചയപ്പെടാൻ അവസരമുണ്ടാകാത്ത പുതിയ ഒരു തലമുറയിലെ പ്രവർത്തകനായിരുന്നു ഞാൻ. അദ്ദേഹത്തിന്റെ വ്യക്തിവൈശിഷ്ട്യത്തെക്കുറിച്ച് അധിക

LIBRARY ARCHIVES Kerala Legislative Assembly

മൊന്നും എനിക്ക് നേരിട്ടറിവുമില്ല. പക്ഷേ സഹപ്രവർത്തകരും സുഹൃത്തുക്കളും പറഞ്ഞുകേട്ടുള്ള അറിവും വായിച്ചുള്ള അറിവുംവച്ച് പൊതുജീവിതത്തിൽ ഒരു മഹാശക്തിയായിരുന്നു അദ്ദേഹം എന്നെനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. തനിക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങൾക്കുവേണ്ടി അവസാനംവരെ പോരാടുക എന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവം. വലിയൊരു സ്വത്തിന്റെ ഉടമയായിട്ടാണ് അദ്ദേഹം തന്റെ പൊതുപ്രവർത്തനം ആരംഭിച്ചത്. തന്റെ ഉദാരമനഃസ്ഥിതിയും സഹപ്രവർത്തകരെയും സുഹൃത്തുക്കളെയും സഹായിക്കാനുള്ള വിശാലമനഃസ്ഥിതിയും കാരണം അവസാനകാലമായപ്പോഴേ ആ സ്വത്തെല്ലാം പല നിലയ്ക്കും പോയിരുന്നു എന്ന വസ്തുതയും ഞാനീയവസരത്തിൽ ഓർക്കുകയാണ്. കേരളത്തിലെ പൊതുജീവിതത്തിലും, ഭരണമണ്ഡലത്തിലും, സാമൂഹ്യരംഗത്തുമെല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച് നമ്മെ പിരിഞ്ഞുപോയ അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികളർപ്പിക്കുകയും കുടുംബത്തോട് അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ആദരണീയനായ കുഞ്ഞുസാഹിബിന്റെ അര നൂറ്റാണ്ടുകാലത്തെ പൊതുജീവിതത്തെക്കുറിച്ച് അങ്ങ് ചെയ്ത പരാമർശം ചെറിയൊരു ഭാഗം മാത്രമാണ്. അദ്ദേഹം ഏതെല്ലാം തുറകളിൽ പ്രവർത്തിച്ചിട്ടുണ്ടോ അവിടെയെല്ലാം ഒരു പുതുമ സൃഷ്ടിച്ചുകൊണ്ട് തന്റെ വ്യക്തിത്വം നിലനിറുത്തിയിട്ടുണ്ട്. അദ്ദേഹത്തിനുള്ള ചില ഗുണവിശേഷങ്ങൾ ഇന്നത്തെ പൊതുപ്രവർത്തനരംഗത്ത് പലപ്പോഴും കാണാൻ സാധിച്ചിട്ടില്ല. ഒരു സഹപ്രവർത്തകനെന്ന നിലയിൽ ഏറ്റവും വിശ്വസ്ഥനായിരുന്നു അദ്ദേഹം. ബഹുമാന്യനായ ശ്രീ. പട്ടം താണുപിള്ളയുടെ വിജയത്തിനു കളമൊരുക്കുന്നതിനു വലംകൈയായി പ്രവർത്തിച്ച വിശ്വസ്തനായ ഒരു സഹപ്രവർത്തകനായിരുന്നു. പൊതുപ്രവർത്തകൻമാർക്ക് അദ്ദേഹം ഒരു ആശാകേന്ദ്രമായിരുന്നു. അദ്ദേഹത്തിന് ഈശ്വരൻ കൊടുത്ത രണ്ടുകൈയും അദ്ദേഹം പ്രയോജനപ്പെടുത്താറുണ്ട് എന്ന് അദ്ദേഹത്തെക്കുറിച്ച് രസകരമായി ഞങ്ങൾ പറയുമായിരുന്നു. എന്തെന്നാൽ താൻ ശേഖരിക്കുന്നതു തനിക്കായി സൂക്ഷിക്കാതെ മറ്റേ കൈ കൊണ്ട് മറ്റുള്ളവർക്കു കൊടുത്തു സഹായിക്കുന്ന വലിയൊരു ദയാലുവായിരുന്നു അദ്ദേഹം. അദ്ദേഹം തൊഴിലാളിരംഗത്തു വന്നകാലം അദ്ദേഹത്തെപോലെ സമുന്നതമായ ഒരു കുടുംബത്തിലെ ആളുകൾക്ക് അത്തരം പ്രവർത്തനങ്ങൾ നിഷേധിക്കപ്പെട്ട ഒരു കാലമായിരുന്നു. ഈ സമയിൽ അദ്ദേഹത്തെ സഹായിച്ചും എതിർത്തും പ്രവർത്തിക്കാൻ സാധിച്ച ഒരാളാണ് ഞാൻ. ഇത്രയധികം സ്നേഹത്തോടും വാൽസല്യത്തോടുംകൂടി സഹപ്രവർത്തകരെ സഹായിച്ചിട്ടുള്ള അപൂർവ്വം ചില ആളുകളെ മാത്രമെ കാണാൻ കഴിയൂ. താൻ ഏറ്റെടുക്കുന്ന ഏതു കാര്യത്തിലും തന്റേതായ കഴിവു പ്രകടമാക്കിയ കരുത്തനായ ഒരാളായിരുന്നു അദ്ദേഹമെങ്കിലും അദ്ദേഹത്തിന് ശക്തമായ എതിർപ്പുകളെ നേരിടേണ്ടിവന്നിട്ടുണ്ട്. എങ്കിൽപ്പോലും അടിപതറാതെ താൻ ഏറ്റെടുക്കുന്ന കാര്യങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിന് അന്ത്യകാലത്ത് രോഗത്തോടും പൊരുതേണ്ടിവന്നു. സർ, പൊതുപ്രവർത്തകർക്ക്. വിശേഷിച്ച് രാഷ്ട്രത്തെ സേവിച്ച ആളുകൾക്ക് അവസാനകാലത്തുണ്ടാകുന്ന അനുഭവത്തെക്കുറിച്ചോർക്കുമ്പോൾ പലരും ഉൽക്കണ്ഠാകുലരാകുന്നുണ്ട്. അദ്ദേഹത്തിന്റെ മരണശേഷം ആ സ്മരണ വേണ്ടപോലെ ആദരിക്കാൻ നമുക്കു സാധിക്കാതെവന്നു. അതു ഞാനൊരു കുറ്റമായി പറയുകയല്ല. അദ്ദേഹത്തെപ്പോലെ സമുന്നതനായ ഒരു നേതാവിനെ സ്മരിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

ആദരിക്കാനും നമുക്കു സാധിക്കുന്നത് നാം നമ്മെത്തന്നെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതുപോലെയാണ്. ഒരുകാലത്ത് കേരളത്തിന്റെ സിംഹമായിരുന്ന കുഞ്ഞുസാഹിബ്ബിന്റെ നിര്യാണത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അഗാധമായ അനുശോചനം രേഖപ്പെടുത്തിക്കൊള്ളുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, അര ശതാബ്ദക്കാലത്തോളം കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ മായാത്ത കാൽപാടുകൾ പതിപ്പിച്ച തലയെടുപ്പുള്ള ഒരു നായകനായിരുന്ന കുഞ്ഞുസാഹിബ്ബിന്റെ ചരമത്തിൽ ദുഃഖം രേഖപ്പെടുത്തിക്കൊണ്ട് അങ്ങും സഭാനേതാവും പ്രതിപക്ഷനേതാവും മറ്റു കക്ഷികളുടെ നേതാക്കൻമാരും പ്രകടിപ്പിച്ച അഭിപ്രായങ്ങളോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. നിവർത്തനപ്രസ്ഥാനത്തിൽ വളരെ ആത്മാർത്ഥമായി പങ്കെടുത്തിരുന്ന കുഞ്ഞുസാഹിബ്ബിന് വളരെ യാതനകളും വേദനകളുമൊക്കെ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഏകാന്ത തടവുപോലും അദ്ദേഹത്തിനനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഏകാന്ത തടവിലായിരുന്ന സമയത്ത് ഒരു ഇരുട്ടുമുറിയിൽ കിട്ടുന്ന ഭക്ഷണവും കഴിച്ച് സൂര്യപ്രകാശംപോലും ഏൽക്കാതെ കഴിഞ്ഞപ്പോഴാ ജീവിതമൊടുക്കിയാലെന്താണെന്നുവരെ ചിന്തിച്ചുപോയിട്ടുണ്ടെന്നേ അദ്ദേഹമെന്നോടു പറഞ്ഞിട്ടുണ്ട്. അക്കാലത്ത് ദേശീയ നേതാക്കൻമാരുടെയെല്ലാം അഭയകേന്ദ്രമായിരുന്നു കുഞ്ഞുസാഹിബ്ബ്. പൂത്തൻപുരയ്ക്കലെ ആതിഥ്യം സ്വീകരിച്ചിട്ടില്ലാത്ത ഒരൊറ്റ രാഷ്ട്രീയ നേതാവും കേരളത്തിൽ ഉണ്ടായിരുന്നില്ലെന്നുള്ളതാണ് നേര്. തിരുവിതാംകൂർ–കൊച്ചി മുസ്ലിംലീഗിന്റെ പ്രസിഡണ്ടായിരുന്ന അദ്ദേഹം ഇവിടത്തെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു സമുദായത്തിന്റെ പുരോഗതിക്കുവേണ്ടി വളരെയധികം പരിശ്രമിച്ചിരുന്നു എന്നുള്ളത് ഞാനിപ്പോഴും കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുകയാണ്. അദ്ദേഹം ഇവിടെ മന്ത്രിസഭയിൽ അംഗമായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ ഒരു എളിയ സഹപ്രവർത്തകൻ എന്ന നിലയിൽ പ്രവർത്തിക്കാനും അദ്ദേഹത്തിന്റെ വാൽസല്യം നേരിട്ടനുഭവിക്കാനും എനിക്കു സാധിച്ചിട്ടുണ്ട്. അദ്ദേഹം ഈ രാജ്യത്തിനു ചെയ്ത സേവനങ്ങളുടെ സ്മാരകമായി മിലാഡി ഷെരീഫ് കോളേജ് എന്നും ഉയർന്നുനിൽക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. കുഞ്ഞുസാഹിബ്ബിന്റെ പ്രവർത്തനം നമ്മുടെ യുവതലമുറയ്ക്ക് മാതൃകയാണ്. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളോട് എനിക്കും എന്റെ പാർട്ടിക്കുമുള്ള അനുശോചനം അറിയിക്കാൻ ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, മഹാനായ ശ്രീ. പി. കെ. കുഞ്ഞുസാഹിബ്ബിന്റെ ചരമത്തിൽ അനുശോചിച്ചുകൊണ്ട് അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റു കക്ഷിനേതാക്കൻമാരും പ്രകടിപ്പിച്ച വികാരങ്ങളോടും അഭിപ്രായങ്ങളോടും ഞാനും എന്റെ പാർട്ടിയും യോജിക്കുന്നു. കുഞ്ഞുസാഹിബ്ബുമായി പൊതുരംഗത്ത് ദീർഘകാലം അടുത്തു പരിചയമുള്ള ഒരാളാണ് ഞാൻ. പൊതുരംഗത്തെ പ്രവർത്തനങ്ങൾക്ക് ഒരു പൊതുപ്രവർത്തകൻ പാലിക്കേണ്ട പ്രവർത്തന ശൈലി, പ്രവർത്തന രീതി തുടങ്ങിയുള്ള കാര്യങ്ങളിൽ കുഞ്ഞുസാഹിബ്ബ് എന്നെപ്പോലെ നിരവധി പൊതുപ്രവർത്തകർക്ക് ഒരു മാതൃക ആയിരുന്നു. കുഞ്ഞുസാഹിബ്ബിന്റെ കഴിവിനെപ്പറ്റിയും അപദാനങ്ങളെപ്പറ്റിയും കൂടുതലൊന്നും പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. എനിക്കു കുഞ്ഞുസാഹിബ്ബിൽ തോന്നിയിട്ടുള്ള ഒരു പ്രത്യേകത പ്രയാസങ്ങൾ ഉണ്ടാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

സന്ദർഭങ്ങളിൽ തീരുമാനങ്ങൾ എടുക്കാൻ അദ്ദേഹത്തിനുള്ള കഴിവാണ്.. ആ തീരുമാനങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ സ്വാഭാവികമായി പ്രതിബന്ധങ്ങൾ തരണം ചെയ്തു ശക്തമായ നടപടികൾ സ്വീകരിക്കാൻ കുഞ്ഞു സാഹിബ്ബിനുള്ള മിടുക്ക് മറ്റൊരു വ്യക്തിക്കും ഇല്ല. നമ്മുടെ പൊതു രംഗത്തും ഭരണരംഗത്തുമൊക്കെ ഇന്നു കാണുന്ന പ്രധാന കുറവ് നമ്മുടെ നേതാക്കൻമാരിൽ തീരുമാനം എടുക്കാനുള്ള കഴിവില്ലായ്മയും അതു നടപ്പാക്കാനുള്ള അസാമർത്ഥ്യവുമാണെന്നു പറയുമ്പോൾ കുഞ്ഞുസാഹിബ്ബിനെ പ്രത്യേകം അനുസ്മരിച്ചുപോകുന്നു. സർ, ഇത്രയേറെ വ്യക്തികളെ മനസ്സിലാക്കാനും അതനുസരിച്ച് അവരോടു പെരുമാറാനും കഴിവുള്ള പൊതുനേതാക്കൻമാർ വളരെ കുറവാണ്. കുഞ്ഞു സാഹിബ്ബിന്റെ പ്രത്യേകതകൾ വളരെ വളരെ കൂടുതലാണ്. അതൊക്കെയും അനുസ്മരിക്കാൻ ഞാൻ ഈയവസരം ഉപയോഗിക്കുന്നില്ല. സഭാദ്ധ്യക്ഷനായ അങ്ങും ഈ സഭയും കുഞ്ഞുസാഹിബ്ബിനു നൽകിയിട്ടുള്ള പ്രത്യേക പ്രാധാന്യം പുതിയ ഒരു കീഴ്വഴക്കം കുറിക്കുന്നതിനു തുടക്കമിട്ടു. മുൻമന്ത്രിമാർ ദിവംഗതരായാൽ സാധാരണ ഒരു സഭാംഗം ദിവംഗതനാകുമ്പോൾ സ്വീകരിക്കുന്ന ഒരു നടപടി മാത്രമാണ് ഈ സഭയിൽ ഇതിനു മുമ്പ് സ്വീകരിച്ചിട്ടുള്ളത്. ഇതു ആദ്യമായിട്ടാണ് മുൻമന്ത്രി ദിവംഗതനായപ്പോൾ സഭാദ്ധ്യക്ഷൻ എന്നുള്ള നിലയ്ക്കു അങ്ങും മറ്റു കക്ഷിനേതാക്കൻമാരും സഭാനേതാവും ഒക്കെ അവരുടെ അനുശോചനം ഇങ്ങനെ പരസ്യമായി, ഒരു കേവല അനുശോചനത്തിനുപരിയായി, പ്രകടിപ്പിക്കുന്ന കീഴ്വഴക്കം ഉണ്ടായത്. അതുതന്നെ ശ്രീ. കുഞ്ഞുസാഹിബ്ബിനുള്ള മഹത്വത്തിന്റെ ഒരു പ്രത്യേകതയാണ്.

നമ്മുടെ സംസ്ഥാനത്തെ സ്വാതന്ത്ര്യസമരസേനാനികളിൽ ഇനിയും വല്ല കണ്ണികളും അവശേഷിക്കുന്നുണ്ടോ എന്നറിയില്ല. ഒന്നോ രണ്ടോ കണ്ടേക്കും. അങ്ങനെയുള്ള മഹാൻമാരുടെ പട്ടികയിൽ മുൻപന്തിയിൽ സ്ഥാനം പിടിച്ചിരുന്ന എല്ലാ രംഗങ്ങളിലും വ്യക്തിത്വം സ്ഥാപിച്ചിരുന്ന മഹാനായ ആ നേതാവിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ അറിയിക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, ജനനേതാവ്, രാഷ്ട്രനേതാവ്, ഭരണകർത്താവ്, സാമൂഹ്യ പ്രവർത്തകൻ എന്നീ നിലകളിൽ അരനൂറ്റാണ്ടുകാലം കേരളത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റുകയും വ്യക്തിത്വം പതിപ്പിക്കുകയും ചെയ്ത കുഞ്ഞുസാഹിബ്ബിന്റെ വേർപാടിൽ അങ്ങും സഭയിലെ മറ്റു നേതാക്കൻമാരും പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും എന്റെ പാർട്ടി യോജിക്കുന്നു

കുഞ്ഞുസാഹിബ്ബിനെപ്പറ്റി സംസാരിക്കുമ്പോൾ ആ ജുബ്ബയും ഇട്ട്, ഷാളും ഇട്ട്, പുഞ്ചിരിയോടുകൂടി ആടിക്കുഴഞ്ഞു സഹപ്രവർത്തകരുടെ തോളിൽ കയ്യും ഇട്ട് അങ്ങനെ എല്ലാവരെയും ആകർഷിക്കുന്ന കുഞ്ഞുസാഹിബ്ബിന്റെ സ്മരണ ഇപ്പോഴും എന്റെ മുമ്പിൽ വരികയാണ്.

കുഞ്ഞുസാഹിബ്ബിന്റെ ജീവിതം ഒരു തുറന്ന പുസ്തകമായിരുന്നു. ആത്മാർത്ഥത നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. എല്ലാവർക്കും ആ ജീവിതത്തെപ്പറ്റി അറിയാം. ഒന്നും മറച്ചുവയ്ക്കാനില്ല. എല്ലാവരെയും ഒന്നുപോലെ കാണുകയും സ്നേഹിക്കുകയും ചെയ്ത ജനനേതാക്കളിൽ ഒരാളായിരുന്നു അദ്ദേഹം. സമ്പന്നനായി അദ്ദേഹം ജനിച്ചു,

LIBRARY ARCHIVES Kerala Legislative Assembly

ഒരു വലിയ സമ്പത്തിന്റെ ഉടമയായിരുന്നു. എന്നാൽ സമ്പന്നനായി അല്ല അദ്ദേഹം മരിച്ചത്. അദ്ദേഹം ഏറ്റവും വലിയ ധർമ്മിഷ്ഠനായിരുന്നു. പൊതുക്കാര്യങ്ങൾക്കുവേണ്ടി എത്രത്തോളം സമ്പത്ത് ചെലവഴിച്ചിട്ടുണ്ടെന്ന് ഈ സഭയിൽ ഇരിക്കുന്ന പല ആളുകൾക്കും അറിയാവുന്നതാണ്. അദ്ദേഹത്തിന്റെ നഷ്ടം ഈ രാജ്യത്തെ പൊതുജീവിതത്തെ സംബന്ധിച്ചിടത്തോളം നികത്താനാവാത്ത ഒന്നാണ്. സ്വാതന്ത്ര്യ സമരസേനാനികളിൽ അദ്ദേഹം ഒരു മുന്നണിപ്പടയാളിയായിരുന്നു. ശ്രീ. പട്ടം താണുപിള്ള, ശ്രീ. സി. കേശവൻ, ശ്രീ. ടി. എം. വർഗ്ഗീസ് എന്നിവരോടൊപ്പം നമ്മുടെ സ്വാതന്ത്ര്യസമരത്തിന് നേതൃത്വം കൊടുത്ത മുന്നണിപ്പടയാളികളിൽ ഒരാളുമായിരുന്നു അദ്ദേഹം. ഈയവസരത്തിൽ കൂടുതലായി എന്തെങ്കിലും പറയാൻ ആഗ്രഹിക്കുന്നില്ല. ഇപ്രകാരമുള്ള ആ കുഞ്ഞുസാഹിബ്ബിന്റെ വേർപാട് തീർച്ചയായും ഏറ്റവും വലിയ നഷ്ടമാണ്. മരണത്തിനു ശേഷവും നമ്മുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിക്കൊണ്ടു ജീവിക്കുന്ന മഹാനായ അദ്ദേഹത്തെ നാം എപ്പോഴും സ്മരിക്കും.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ, മഹാനായ ശ്രീ. പി. കെ. കുഞ്ഞിനെപ്പറ്റി അങ്ങും സഭാനേതാവും മറ്റു നേതാക്കൻമാരും പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാനും യോജിക്കുന്നു. സർ, ഞാൻ നിയമസഭയിൽ ഹരി: ശ്രീ കുറിച്ചത് ശ്രീ. പി. കെ. കുഞ്ഞ് മന്ത്രിയായിരുന്ന കാലത്താണ്. ഞങ്ങളുടെ നിയമസഭാ പ്രവർത്തനത്തിന് നേതൃത്വം നൽകാൻ അന്ന് അദ്ദേഹം കാണിച്ച നൈപുണ്യം തീർച്ചയായും ഞങ്ങൾക്കാർക്കും മറക്കാൻ കഴിയുകയില്ല. കേരളത്തിന്റെ എല്ലാ ജീവിത രംഗങ്ങളിലും ശോഭിച്ച ഒരു മഹാശയനായിരുന്നു ശ്രീ. പി. കെ. കുഞ്ഞ്. രാഷ്ട്രീയത്തിൽ ബുദ്ധി പ്രകടിപ്പിക്കുക എന്നുള്ളതു പലയിടങ്ങളിലും പലരിലും വിരളമായിരുന്നു. ശ്രീ. പി. കെ. കുഞ്ഞിനെ സംബന്ധിച്ചിടത്തോളം അതു എപ്പോഴും നിഴലിച്ചുകാണാൻ കഴിയുമായിരുന്നു. കേരളത്തിന്റെ ഭാവി എന്തായിരിക്കണം, അതിന്റെ വിസ്തീർണ്ണം എന്തായിരിക്കണം എന്ന് വളരെ ബുദ്ധിമാനായിരുന്ന ശ്രീ. പി. കെ. കുഞ്ഞ് ആഗ്രഹിച്ചതും ആലോചിച്ചതുംകൊണ്ടാണ് കേരളത്തിന്റെകിഴക്കൻ ഭാഗത്ത് പട്ടം കോളനി ഉണ്ടായത് എന്നുള്ളതു ഒരുപക്ഷെ പലരും ഓർക്കുന്നില്ലായിരിക്കാം. കേരളത്തിന്റെ മണ്ണ് മുഴുവൻ കേരള സംസ്ഥാനത്തിന് വേണമെന്ന് അദ്ദേഹത്തിനുണ്ടായിരുന്നതുകൊണ്ട് വളരെയേറെ ആളുകൾ ആലോചിക്കാത്ത ബുദ്ധിപൂർവകമായ നടപടികൾ അദ്ദേഹം സ്വീകരിച്ചു. നമ്മുടെ പൊതുജീവിതത്തിൽ എല്ലാ മണ്ഡലങ്ങളിലും തലപ്പത്തുള്ള ഒരാളായിരുന്നു അദ്ദേഹം. അദ്ദേഹം ഒരുപക്ഷെ പാർട്ടി പ്രെയർമാനോ അതുപോലെയുള്ള ഉന്നത സ്ഥാനത്തോ ഇരുന്നില്ലെങ്കിലും അതിനെക്കാൾ ഉപരി രാഷ്ട്രീയത്തിൽ അറിയപ്പെടുന്ന മഹാനായിരുന്നു. വളരെ പെട്ടെന്ന് തീരുമാനം എടുക്കാനും എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാനും ആരെതിർത്താലും അതിൽ വിജയിക്കാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അദ്ദേഹം മന്ത്രിയായിരുന്ന കാലത്ത് 1954-ൽ ഈ നിയമസഭയിൽ പ്രമാണിമാരായ പല ആളുകളും ഭരണപക്ഷത്തും പ്രതിപക്ഷത്തും ഉണ്ടായിരുന്നു. അവരുടെ എല്ലാ അഭിപ്രായങ്ങൾക്കും മറുപടി പറയാൻ തക്ക പ്രാവീണ്യം അദ്ദേഹത്തിന് ഉണ്ടായിരുന്നു എന്ന് ഓർക്കുമ്പോൾ ഇന്നു പലരും അദ്ദേഹത്തെ കണ്ടു പഠിക്കേണ്ടതായിരുന്നു എന്ന് ഓർത്തുപോകുകയാണ്. ശ്രീ. പി. കെ. കുഞ്ഞിന്റെ അപദാനങ്ങൾ ഒറ്റവാചകത്തിലോ ഒരു ദിവസമോ പറഞ്ഞ് അവസാനിപ്പിക്കുവാൻ കഴിയുകയില്ല. എപ്പോഴും എല്ലാവരേയും സ്നേഹിക്കാൻ കഴിയുന്ന സ്നേഹസമ്പന്നനായ ഒരു രാഷ്ട്രീയ പ്രവർത്തകനെ ശ്രീ. പി. കെ. കുഞ്ഞിൽ എനിക്കു കാണാൻ കഴിയുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വളരെയേറെ ബുദ്ധിമാനായ ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കെല്ലാം ഫലം ഉണ്ടായിരുന്നു. എല്ലാ പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റേതായ വ്യക്തിത്വം നമുക്കു കാണാൻ കഴിയുമായിരുന്നു. ശ്രീ. പി. കെ. കുഞ്ഞ് നടപ്പാക്കുന്ന എല്ലാ നടപടികളും അദ്ദേഹത്തിന്റെ അഭിപ്രായ മൂശയിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്നതാണ്. അദ്ദേഹം ആരുടെയും പിന്നാലെ നടന്നിരുന്നില്ല. അദ്ദേഹം ആഗ്രഹിച്ചത് ഈ രാജ്യത്ത് നടപ്പാക്കിയിരുന്നു. ആര് ഈ രാജ്യത്ത് നേതാവാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നുവോ അവരെ നേതാവാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ശ്രീ. പട്ടം താണുപിള്ളയുടെ എല്ലാ ശക്തികൾക്കും നിദാനമായിരുന്നത് ശ്രീ. കുഞ്ഞുസാഹിബ്ബ് ആണെന്നുള്ളതിൽ സംശയമില്ല. അത്രമാത്രം കേരളത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ശോഭിക്കാൻ കഴിഞ്ഞിരുന്ന ശ്രീ. പി. കെ. കുഞ്ഞിനെപ്പറ്റി ഇന്നു നാം എല്ലാവരും ഓർക്കുന്നുണ്ടോ എന്നു സംശയമാണ്. മഹാനായ ശ്രീ. പി. കെ. കുഞ്ഞ് ജനിച്ചതും ജീവിച്ചതും ഈ രാജ്യത്തിനുവേണ്ടിയായിരുന്നു. അദ്ദേഹത്തിന്റെ ജീവിതമത്രയും ഈ രാജ്യത്തിനു സംഭാവനയായിരുന്നു. ആ സംഭാവന അനുഭവിക്കുന്ന കേരളീയർ അദ്ദേഹത്തെ മറക്കാതെയിരിക്കട്ടെ എന്നുമാത്രമേ ഞാൻ പ്രാർത്ഥിക്കുന്നുള്ളൂ. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ഞാനും എന്റെ പാർട്ടിയും അഗാധമായ ഖേദം രേഖപ്പെടുത്തുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, മുൻ സുഹൃത്തുക്കൾ ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാനും എന്റെ പാർട്ടിയും പരിപൂർണ്ണമായി യോജിക്കുകയാണ്. എന്താണ് 25 കൊല്ലക്കാലം വളരെ അടുത്തു പെരുമാറാനും ഒരു പാർട്ടിയിൽത്തന്നെ ഞങ്ങൾക്ക് എക്കാലവും പ്രവർത്തിക്കാനും സാധിച്ചിട്ടുള്ള എന്നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ സീനിയറായ ഒരു സഹപ്രവർത്തകൻ, ഒരു നേതാവ് എന്ന നിലയിലുള്ള വ്യക്തി ആണ് നഷ്ടപ്പെട്ടിരിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു സ്വാതന്ത്ര്യ സമരസേനാനി നഷ്ടപ്പെട്ടിരിക്കുന്നു. ഒരു മുൻ പ്രാസംഗികൻ പറഞ്ഞതുപോലെ തിരുവിതാംകൂർ പ്രദേശത്തെ സ്വാതന്ത്ര്യ സമരസേനാനികളിൽ അഗ്രഗണ്യസ്ഥാനം വഹിച്ചിട്ടുള്ള വ്യക്തികളും കുഞ്ഞുസാഹിബിന്റെ നിര്യാണത്തോടുകൂടി എന്താണ് അവസാനിച്ചു എന്നു പറയാം. ഇൻഡ്യയിൽ സംസ്ഥാനങ്ങളിലെ ജനങ്ങൾക്ക് സ്വാതന്ത്ര്യം ലഭിക്കാൻവേണ്ടി പൊരുതിയ ഇൻഡ്യൻ സ്റ്റേറ്റ് പീപ്പീംസ് കോൺഫറൻസിലും മറ്റു രംഗങ്ങളിലും എല്ലാംതന്നെ സ്വാതന്ത്ര്യ സമര സേനാനി എന്ന നിലയ്ക്ക് അദ്ദേഹം വളരെയധികം പ്രവർത്തിച്ചിട്ടുണ്ട്. സംഭവബഹുലമായ ജീവിതത്തിൽ പലതും അദ്ദേഹത്തിന് പൊതുജനസേവന രംഗത്തു ചെയ്യാനായി സാധിച്ചു. അദ്ദേഹം ഏതെല്ലാം പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ടുവോ ആ പ്രവർത്തനങ്ങളെ എല്ലാംതന്നെ വിജയത്തിലേക്ക് നയിക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. നേരത്തെ അദ്ദേഹം ഈ സംസ്ഥാനത്തിനും ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങൾക്കും ചെയ്തിട്ടുള്ള ഒരു കാര്യത്തെപ്പറ്റി പറഞ്ഞു. ഭാഗ്യക്കുറി. ഇന്ന് ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഭാഗ്യക്കുറി നടത്തുകയാണ്. പല നല്ല ആവശ്യങ്ങൾക്കും വേണ്ടി പണമുണ്ടാക്കാനുള്ള ഒരു പരിപാടിയായി സംസ്ഥാന ഗവൺമെന്റുകൾ അംഗീകരിച്ചിരിക്കുകയാണ്. ഈ സംസ്ഥാനത്തിന് അദ്ദേഹം ചെയ്തിട്ടുള്ള മറ്റൊരു നല്ല കാര്യം, കേരള ഫൈനാൻഷ്യൽ എൻറർപ്രൈസസ് മുഖാന്തിരം ചിട്ടിയും കുറിയും നടത്തുക എന്നുള്ളതാണ്. ഈ രാജ്യത്തെ ജനങ്ങളെ ദ്രോഹിക്കുന്ന തരത്തിൽ സ്വകാര്യവ്യക്തികൾ ചിട്ടിയും കുറിയും നടത്തിയിരുന്നു. ഇന്ന് സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

രംഗത്തുള്ള ചിട്ടികളും, കുറികളും ഏതാണ്ട് അവസാനിച്ചിരിക്കുകയാണ്. അതിനുപകരം ഫൈനാൻഷ്യൽ എൻറർപ്രൈസസ് നടത്തുന്ന കുറി പലരെ സംബന്ധിച്ചിടത്തോളവും വളരെയധികം അനുഗ്രഹമായിത്തീർന്നിരിക്കുകയാണ്. ഈ സംസ്ഥാനത്തെ രാഷ്ട്രീയ രംഗത്തും, പൊതുരംഗത്തും മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ഉത്തമ സുഹൃത്താണ്, സംസ്ഥാനത്തിന്റെ സുഹൃത്താണ് പരേതനായ ശ്രീ. പി. കെ. കുഞ്ഞുസാഹിബ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളെ ഞങ്ങളുടെ അനുശോചനം അറിയിക്കണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. എം. അബൂബേക്കർ: സർ, പരേതനായ ശ്രീ. പി. കെ. കുഞ്ഞുസാഹിബിനെ സംബന്ധിച്ച് അങ്ങും വിവിധ കക്ഷി നേതാക്കളും ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളിലും അഭിപ്രായങ്ങളിലും ഞാനും എന്റെ പാർട്ടിയും പങ്കുചേരുകയാണ്. തനേറതായ വ്യക്തിമുദ്ര ശ്രീ. കുഞ്ഞുസാഹിബ് പതിപ്പിച്ചിരുന്നു എന്നുള്ളത് എല്ലാവരും അംഗീകരിച്ച ഒരു കാര്യമാണ്. തിരുകൊച്ചി നിയമസഭയിലും, കേരള സംസ്ഥാനം നിലവിൽ വന്നതിനുശേഷം കേരള സംസ്ഥാന നിയമസഭയിലും, ഒരംഗം എന്നുള്ള നിലയിലും, മന്ത്രിസഭാംഗം എന്നുള്ള നിലയിലും കുഞ്ഞുസാഹിബിന്റെ സേവനങ്ങളെ സംബന്ധിച്ച് ഇവിടെ പരാമർശനം നടന്നുകഴിഞ്ഞു. കേരള രാഷ്ട്രീയത്തിൽ നിർണ്ണായകമായ പല ഘട്ടങ്ങളിലും, 1954-ൽ താണുപിള്ള സാറിന്റെ നേതൃത്വത്തിലെ ഒരു മന്ത്രിസഭ രൂപീകരിക്കുന്ന ആ സന്ദർഭത്തിലും, 1964-ൽ മന്ത്രിസഭയുടെ പതനത്തിന്റെ ഘട്ടത്തിലുമെല്ലാം കുഞ്ഞുസാഹിബ് വഹിച്ചിരുന്ന നിർണ്ണായകമായ കൗടില്യ സൂത്രങ്ങളെ അനുസ്മരിക്കുന്ന ആളുകൾ ഇപ്പോഴും ഉണ്ടായിരിക്കും. താൻ ലക്ഷ്യം വച്ചിട്ടുള്ള കാര്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി തന്ത്രപൂർവമായി നീക്കങ്ങൾ നടത്തുന്നതിനുള്ള കുഞ്ഞുസാഹിബിന്റെ കഴിവിനെ സംബന്ധിച്ച് ആർക്കും തന്നെ അഭിപ്രായവ്യത്യാസം ഉണ്ടാകുകയില്ല. കടന്നുവന്ന എല്ലാ രംഗങ്ങളിലും തനേറതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ആ മഹാനായ ജനനേതാവ്, എന്നെപ്പോലുള്ള എളിയ രാഷ്ട്രീയ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായ അഭിപ്രായഭിന്നതകൾ ഉണ്ടെങ്കിലും, ഒരു തലമുതിർന്ന കാരണവർ എന്ന നിലയിലാണ് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നത്. 1967-ലെ നിയമസഭയുടെ കാലഘട്ടത്തിൽ മന്ത്രിയായിരുന്ന ശ്രീ. കുഞ്ഞുസാഹിബും മന്ത്രി അല്ലാതിരുന്ന കുഞ്ഞുസാഹിബും നിയമസഭാ പ്രവർത്തനങ്ങളുമായി പിച്ചവച്ചു നടക്കാൻ തുടങ്ങിയ ഞങ്ങൾക്കെല്ലാവർക്കും വേണ്ടവിധത്തിലുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഈ സന്ദർഭത്തിൽ ഞാൻ അതെല്ലാം ഓർക്കുകയാണ്. കുഞ്ഞുസാഹിബിന്റെ ആത്മാവിന്റെ മോക്ഷത്തിനുവേണ്ടി ഈ സന്ദർഭത്തിൽ പ്രാർത്ഥിക്കുകയും സന്തപ്ത കുടുംബാംഗങ്ങളോട് എന്നെയും എന്റെ പാർട്ടിയുടെയും അനുശോചനം അറിയിക്കുകയും വേണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, കേരളത്തിലെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിൽ തന്റെ മഹത്തായ സേവനത്തിന്റെ ഫലമായി മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ദിവംഗതനായ ശ്രീ. പി. കെ. കുഞ്ഞുസാഹിബിന്റെ നിര്യാണത്തിൽ അങ്ങും സഭയിലെ വിവിധ കക്ഷി നേതാക്കളും പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളോട് ഞാൻ യോജിക്കുന്നു. സർ, സ്വാതന്ത്ര്യസമരത്തിലെ ഉന്നതനായ ഒരു സേനാനി

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള നിലയിലും സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലെ അജയ്യനായ ഒരു നേതാവ് എന്നുള്ള നിലയിലും തികഞ്ഞ ഒരു ഭരണതന്ത്രജ്ഞൻ എന്നുള്ള നിലയിലും അദ്ദേഹത്തിനു കേരളത്തിലെ ജനങ്ങളുടെയെല്ലാംതന്നെ ആദരവ് സമ്പാദിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സംസ്ഥാനത്തിലെ ധനകാര്യ മന്ത്രി എന്നുള്ള നിലയിൽ അദ്ദേഹം ഭാവനാപൂർണ്ണമായ പല പദ്ധതികളും ആവിഷ്ക്കരിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കാൻ ചെയ്തിട്ടുള്ളതായ അദ്ദേഹത്തിന്റെ മാതൃകാപരമായ പദ്ധതികൾ ഇൻഡ്യയിലെ മറ്റുള്ള സംസ്ഥാനങ്ങളിൽക്കൂടി അനുകരിച്ചു എന്നുള്ള കാര്യം ആലോചിക്കുമ്പോൾ, എത്രമാത്രം ഭാവനാസമ്പന്നനായ ഒരു ഭരണാധികാരി ആയിരുന്നു ശ്രീ. കുഞ്ഞുസാഹിബ് എന്ന കാര്യം നമുക്കറിയാം. അജയ്യനായ ആ നേതാവിന്റെ സഹപ്രവർത്തകനായി പ്രവർത്തിക്കാൻ സാധിച്ചിട്ടുള്ള എനിക്കും എന്റെ കക്ഷിക്കും അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള അഗാധമായ വ്യസനം രേഖപ്പെടുത്തിക്കൊണ്ട്, അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, ഈ സഭയിൽ പ്രകടിപ്പിക്കപ്പെട്ട എല്ലാ വികാരങ്ങളോടും അഭിപ്രായങ്ങളോടും ഞാനും എന്റെ കക്ഷിയും യോജിക്കുന്നു. ഈ രാഷ്ട്രീയത്തിൽ യാതൊരു പ്രതിഫലത്തിനും അവകാശമില്ലായിരുന്ന ഒരു കാലഘട്ടത്തിൽ രാഷ്ട്രീയത്തിന്റെ തീച്ചൂളയിൽ എടുത്തുചാടിയ മഹാൻമാരായ നേതാക്കൻമാരുടെ തലമുറയിൽ അവസാനത്തെ കണ്ണിയായിരുന്നു ശ്രീ. പി. കെ. കുഞ്ഞുസാഹിബ്. മഹാനായ ഒരു സ്വാതന്ത്ര്യസമരസേനാനി, അർപ്പണബോധത്തോടുകൂടി പ്രവർത്തിച്ച ഒരു സാമൂദായിക പ്രവർത്തകൻ, സംഘടനാശേഷിയുള്ള ഒരു തൊഴിലാളി നേതാവ്, ശക്തനായ ഒരു ഭരണാധികാരി, വിദ്യാഭ്യാസ സാംസ്ക്കാരിക പ്രവർത്തകൻ, വിശ്വസനീയനായ ഒരു സുഹൃത്ത്, എന്നീ നിലയിലൊക്കെ അദ്ദേഹത്തെക്കുറിച്ച് പ്രകടിപ്പിക്കപ്പെട്ട അഭിപ്രായങ്ങളോടെല്ലാം ഞാൻ യോജിക്കുന്നു. മന്ത്രിയായാലും അല്ലെങ്കിലും കേരളത്തിന്റെ രാഷ്ട്രീയരംഗത്ത് മറ്റിനിറുത്താൻ കഴിയാത്ത ഒരു വ്യക്തിത്വം അദ്ദേഹത്തിനുണ്ടായിരുന്നു. മന്ത്രി എന്ന നിലയിൽ തന്റെ കൈയിൽ കിട്ടുന്ന മുഴുവൻ അധികാരവും അൽപ്പം കൂടുതലും ഉപയോഗിക്കാൻ കഴിയുമായിരുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ആ ഒറ്റ കാരണം കൊണ്ടുതന്നെ പലർക്കും അദ്ദേഹത്തെ ഭയവുമായിരുന്നു. ധനകാര്യമന്ത്രി ആയിരുന്നപ്പോൾ വാസ്തവത്തിൽ നട്ടെല്ല് ഊരിയ ഒരു ധനകാര്യവകുപ്പാണ് അദ്ദേഹത്തിനെ ഏൽപ്പിച്ചത്. ടാക്സ് എടുത്തുമാറ്റിക്കൊണ്ടുള്ള ഒരു ഫൈനാൻസാണ് അദ്ദേഹത്തിനെ ഏൽപ്പിച്ചത്. ആ വകുപ്പ് അതിന്റെ ശരിക്കുള്ള അർത്ഥത്തിൽ ഉപയോഗിക്കാനും അതിനെ ഏറ്റവും പ്രധാനപ്പെട്ട ഒരു വകുപ്പായിത്തന്നെ നിലനിറുത്താനും അദ്ദേഹത്തിനു സാധിച്ചിരുന്നു എന്നുള്ളതാണ് സത്യം. മഹാനായ ശ്രീ. കുഞ്ഞുസാഹിബിന്റെ ദേഹവിയോഗത്തിലുള്ള ദുഃഖം ഞാനും എന്റെ പാർട്ടിയും രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ആത്മാവിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: സർ, പഴയ തിരുവിതാംകൂറിന്റെയും, തിരു-കൊച്ചിയുടെയും, കേരളത്തിന്റെയും രാഷ്ട്രീയചരിത്രം പരിശോധിച്ചുനോക്കിയാൽ മറ്റ് രാഷ്ട്രീയ നേതാക്കളിലൊന്നും കാണാൻ കഴിയാത്ത പ്രത്യേകതകളും സവിശേഷതകളും ശ്രീ. പി. കെ. കുഞ്ഞുസാഹിബിൽ നമുക്ക് കാണാൻ കഴിയും. അതുകൊണ്ടുതന്നെയാണ്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നാട്ടിന്റെ രാഷ്ട്രീയ ചരിത്രത്തിൽ തന്റെ വ്യക്തിത്വത്തിന്റെ തായ ഒരു പ്രത്യേക അദ്ധ്യായം അദ്ദേഹത്തിന് എഴുതിച്ചേർക്കാൻ കഴിഞ്ഞിട്ടുള്ളത്, താൻ ജനിച്ചുവളർന്ന മുസ്ലീം സമുദായത്തിന്റെ സാമൂഹ്യവും വിദ്യാഭ്യാസപരവും സാംസ്ക്കാരികവുമായ അഭിവൃദ്ധിക്കും വളർച്ചയ്ക്കുംവേണ്ടി അദ്ദേഹം പരിശ്രമിച്ചിട്ടുണ്ടെന്നുള്ളത് ഒരു സത്യം മാത്രമാണ്. എന്നാൽ അദ്ദേഹം ഒരിക്കലും ഒരു സമുദായവാദിയായിരുന്നില്ല. സ്വാതന്ത്ര്യസമ്പാദനത്തിനു മുൻപും അതിനുശേഷവും ഉള്ള അദ്ദേഹത്തിന്റെ പൊതുജീവിതം പരിശോധിച്ചുനോക്കിയാൽ തന്റെ രാഷ്ട്രീയ പരിമിതിക്കുള്ളിൽനിന്നുകൊണ്ടുതന്നെ ദേശീയ ജീവിതത്തിന്റെ മുഖ്യധാരയുമായി അലിഞ്ഞുചേർന്നുപോകാൻ അദ്ദേഹം എക്കാലവും പരിശ്രമിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതവും സമകാലിക രാഷ്ട്രീയ ചരിത്രവും അപഗ്രഥിച്ചാൽ ആർക്കും മനസ്സിലാക്കാൻ കഴിയുന്ന ഒരു വസ്തുത, ഏതു കുഴഞ്ഞുമറിഞ്ഞ രാഷ്ട്രീയ സാഹചര്യങ്ങളിലും സ്ഥൈര്യം മുന്നോട്ടുവന്ന് കൂട്ടിയിണക്കാൻ പ്രയാസമുള്ള ശക്തികളെപ്പോലും കൂട്ടിയിണക്കുന്നതിന്, ആവശ്യമെന്നു തോന്നിയാൽ അകറ്റാൻ പ്രയാസമെന്നു തോന്നുന്ന ആളുകളെപ്പോലും അകറ്റാനും തന്റേടത്തോടുകൂടി നേതൃത്വം നൽകിയിട്ടുള്ള ശ്രീ. പി. കെ. കുഞ്ഞുസാഹിബിന്റെ നേതൃത്വത്തിന്റെ പ്രസക്തി ഇന്നു കൂടുതൽ വർദ്ധിച്ചിട്ടുണ്ട്. നമ്മുടെ ദേശീയ ജീവിതത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ചലനങ്ങളും കേരള സംസ്ഥാനത്തിൽ എങ്ങനെ പ്രതിഫലിപ്പിക്കും എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും വളരെയധികം ബുദ്ധിമുട്ടി ആലോചിക്കുന്ന ഒരു കാലയളവിൽ ശ്രീ. പി. കെ. കുഞ്ഞുസാഹിബിനെപ്പോലുള്ള നേതാവിന്റെ അഭാവം നമ്മെ കൂടുതൽ വേദനിപ്പിക്കുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തിക്കൊണ്ട് ഈ സഭയിൽ പ്രകടിപ്പിക്കപ്പെട്ട എല്ലാ വികാരങ്ങളോടും ഞാൻ യോജിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കുഞ്ഞുസാഹിബ്ബിന്റെ നിര്യാണത്തിൽ ഈ സഭയ്ക്കുള്ള അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നതിന് നമുക്ക് അല്പസമയം എഴുന്നേറ്റുനിൽക്കാം.

(പരേതനായ ശ്രീ. പി. കെ. കുഞ്ഞുസാഹിബിനോടുള്ള ആദരസൂചകമായി സഭ ഒരു മിനിട്ട് എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

III. സബ്മിഷൻ

ശ്രീ. എം. വി. മാണിയുടെ സബ്മിഷൻ

ശ്രീ. എം. വി. മാണി: സർ, ഒരു സബ്മിഷൻ. പീരുമേട് താലൂക്കിലെ അമരാവതിത്തോട്ടം കഴിഞ്ഞ ഒൻപതുമാസക്കാലമായി അടച്ചിട്ടിരിക്കുകയാണ്. മുന്നൂറോളം തൊഴിലാളികുടുംബങ്ങളാണ് പട്ടിണിയാണ്. തൊഴിലാളിനേതാക്കൻമാർ സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. സഖാവ് രാമൻകുട്ടി നിരാഹാരം കിടക്കുകയാണ്. റൂൾ 60 അനുസരിച്ച് ഞാൻ ഒരു നോട്ടീസ് കൊടുത്തിരുന്നു. അതേക്കുറിച്ച് എന്തു സംഭവിച്ചു എന്ന് അറിയണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നലെ ഉന്നയിച്ച ഒരടിയന്തിരപ്രമേയത്തിന് മുഖ്യമന്ത്രി പ്രസ്താവനചെയ്യാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly